# ഭരണഭാഷ - മാതൃഭാഷ

നമ്പർ. C4/7188/19/GECSKP

Office of the Principal, Govt. Engineering College, Sreekrishnapuram

തീയതി: 03.09.2019

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- 2019-20 പട്ടിക ജാതി വിദ്യാർത്ഥികളുടെ പ്രാരംഭ ചെലവുകൾക്ക് ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്:

സൂചന :- പാലക്കാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ 24/08/2019 തീയതിയിലെ കത്ത്.

2019-20 അദ്ധ്യയനവർഷത്തിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സിനു പ്രവേശനം ലഭിച്ച ഒരു ലക്ഷം രൂപയോ അതിൽ താഴെയോ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായത്തിനായ് ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ധനസഹായത്തിന് അർഹരായ വിദ്യാർത്ഥികൾ ഓഫീസിൽ **(സി4 സെക്ഷൻ)** നിന്നും അപേക്ഷാഫോം വാങ്ങി താഴെ പറയുന്ന രേഖകൾ സഹിതം **17/09/2019** നു മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

1. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷ
2. ജാതി സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
3. വരുമാന സർട്ടിഫിക്കറ്റ് (ആറു മാസത്തിനുള്ളിൽ എടുത്തതിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
4. അലോട്ട്മെൻറ് മെമ്മോയുടെ പകർപ്പ്.
5. വിദ്യാർത്ഥികളുടെ സിംഗിൾ അക്കൌണ്ട് ബാങ്ക് പസ്സ്ബുക്കിൻറെ പകർപ്പ്.

<u>(പ്രസ്തുത അപേക്ഷകൾ ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് അടിയന്തരമായ് ലഭ്യമാക്കേണ്ടതിനാൽ വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം തന്നെ ഓഫീസിൽ **(സി4 സെക്ഷൻ)** സമർപ്പിക്കേണ്ടതാണ്)</u>

150 YEARS OF CELEBRATING THE MAHATMA

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ്
2. ഒന്നാം വർഷ ബി.ടെക്. ക്ലാസ്സുകളിൽ വായിക്കുന്നതിന്
3. ശ്രീ. പ്രേം കുമാർ (വെബ് അഡ്മിൻ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/7188/19/GECSKP Approved by Principal on 03-Sep-2019 02:44 PM - Page 1